(5) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ പെരിയാർവാലി കനാലുകൾ, കനാൽ ബണ്ട്, റോഡുകൾ, ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നീ വിവിധ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. സാജു പോൾ : സർ, അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ എറണാകുളം ജില്ലയുടെ പൊതുവികാരമായ പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കേരളത്തിൽ ഏറ്റവും ദൈർഘ്യമേറിയ, ഏറ്റവും വിസ്തൃതമായ ആയക്കെട്ടുള്ള ജലസേചനപദ്ധതിയാണ് പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്. കനാലുകളുടെ അറ്റകുറ്റ ജോലികൾ കൃത്യമായി നടക്കുന്നില്ല. കനാൽ ബണ്ടു റോഡുകൾ നശിച്ചുകിടക്കുകയാണ്. നിരീക്ഷണ പാടവം സിരകളിൽ നിറഞ്ഞൊഴുകുന്ന നിരൂപക വ്യാഗ്രമായ ബഹുമാന്യനായ മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എറണാകുളം ജില്ലയുടെ സുപ്രധാന ജലധമനികളുടെ പ്രശ്നങ്ങളോട് മുഖം തിരിഞ്ഞു നിൽക്കരുത്, ബഹുമാന്യരായ 9 എം.എൽ.എ.-മാരുടെ നിയോജക മണ്ഡലങ്ങളെ ബാധിക്കുന്ന പ്രശ്നമാണിത്. ഉടൻ യോഗം വിളിച്ച്, കനാലുകളും, റോഡുകളും പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കണം. 75 കൊല്ലമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, മോട്ടോറുകളും, പമ്പ് ഹൗസുകളും നശിച്ച്, തകർന്ന് കിടക്കുകയാണ്. അടിയന്തിരമായി ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികൾ പ്രവർത്തനക്ഷമമാക്കണം. പെരിയാറിലെ കടവുകളും തീരങ്ങളും സംരക്ഷിക്കണം. 4 വശവും വെള്ളത്താൽ ചുറ്റപ്പെട്ട പെരിയാറിലെ ഒക്കൽ തുരുത്തിലേക്ക് നടപ്പാലം പണിയുന്ന കാര്യവും ബഹുമാനപ്പെട്ട മന്ത്രി ഏറ്റവും അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അങ്ങേയറ്റം വിനയത്തോടുകൂടി അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അനർഗളമായി സംസാരിക്കുന്ന ശ്രീ. സാജുപോൾ, അത് എഴുതി വായിച്ചാലുണ്ടാകുന്ന കഠിന പദപ്രയോഗത്തിന് മറുപടി പറയാൻ ഞാൻ പ്രാപ്തനല്ല. എങ്കിലും അദ്ദേഹം പ്രകടിപ്പിച്ച വികാരത്തോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. കോതമംഗലം, കുന്നത്തുനാട്, പെരുമ്പാവൂർ, ആലുവ, പറവൂർ, പിറവം, തൃപ്പൂണ്ണിത്തുറ, മൂവാറ്റുപുഴ എന്നീ 8 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ ജലസേചനത്തിനുവേണ്ടിയാണ് ഈ പദ്ധതി. ഈ സാമ്പത്തിക വർഷം 301 ലക്ഷം രൂപയുടെ അറ്റകുറ്റപണികൾ നടപ്പാക്കുന്നതിന് പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽപ്പെട്ട 6 പണികൾക്ക് 46 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കനാൽ ബണ്ട് റോഡുകൾ പലതും മോശമായ

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥയിലാണെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം മുഴുവൻ നന്നാക്കാൻ കഴിയുന്നില്ല. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ 16 ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. എനിക്ക് കിട്ടിയിട്ടുള്ളത് ചേരാനല്ലൂർ, ചേലമറ്റം, ഇടവൂർക്കര, ഈസ്റ്റ് ഒക്കൽ, കാപ്പിരിക്കോട് അങ്ങനെ 16 എണ്ണം സമയത്തിന്റെ പരിമിതി മൂലം മുഴുവൻ വായിക്കുന്നില്ല. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ നദീതീരവും കടവും സംരക്ഷിക്കുന്നതിനായി 12 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുവപ്പടി പഞ്ചായത്തിൽ അൽഫോൺസ കോൺവെന്റിനു സമീപമുള്ളത്, കൊമ്പനാട് വില്ലേജിൽ ബദൻപുരം ഐലന്റിന് എതിർവശം പനങ്കുഴി, മുഴിക്കൽ കടവിനു സമീപം കൂടാതെ 26 ലക്ഷം രൂപയ്ക്കുള്ള 5 പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒക്കൽ തുരുത്തിലേക്കുള്ള നടപ്പാലം നിർമ്മിക്കുന്നതിന് 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2 മീറ്റർ വീതിയും 130 മീറ്റർ നീളവുമുള്ള ഈ നടപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി വിശദമായ ഇൻവെസ്റ്റിഗേഷൻ ആവശ്യമാണ്.

(6) മറയൂരിലും മറ്റും നടക്കുന്ന ചന്ദനക്കടത്ത് തടയാൻ നടപടി

ശ്രീ. ജോസഫ് എം. പുതുശ്ശേരി : കേരളത്തിന്റെ ഒരു പൊതുപ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ ചന്ദന സമ്പത്ത് കൊള്ളയടിക്കപ്പെടുന്നു എന്നുള്ളത് അടുത്ത കാലത്ത് വ്യാപകമായി ചർച്ച ചെയ്യപ്പെടുകയും ഒട്ടേറെ വിമർശനങ്ങളും വാർത്തകളും ഇതുമായി ബന്ധപ്പെട്ട് നിരവധി പരമ്പരകൾ തന്നെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇന്നലെയും ഇന്നുമൊക്കെയായി പരമ്പരകൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയം വളരെയേറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. സുപ്രീം കോടതി നിയമിച്ച കേന്ദ്ര എമ്പവേർഡ് കമ്മിറ്റിയുടെ കണ്ടെത്തലുകൾ വളരെ ഗൗരവപൂർവ്വം കാണേണ്ടതാണ്. ചന്ദനമാഫിയയ്ക്ക് രാഷ്ട്രീയക്കാരും വനംവകുപ്പ് ഉദ്യോഗസ്ഥരും ഒത്താശ ചെയ്തുകൊടുക്കുന്നു, ചന്ദനക്കൊള്ള നടക്കുമ്പോൾ നിശബ്ദ കാഴ്ചക്കാരായി ഉദ്യോഗസ്ഥർ നിൽക്കുന്നു എന്നുള്ള കാര്യങ്ങൾ വളരെ ഗൗരവമായി കാണേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ നടപടി സ്വീകരിച്ചിരിക്കുകയാണ്. ചന്ദനം മോഷ്ടിച്ചതിന് ശിക്ഷിക്കപ്പെട്ട ആളുകളെ ദിവസക്കൂലി അടിസ്ഥാനത്തിൽ വനപാലകരായി നിയമിച്ചതിനെതിരെ നടപടി എടുത്തതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. അത് റിപ്പോർട്ട് ചെയ്തുവരികയുണ്ടായി. രാജ്യത്തെ ചന്ദന മരങ്ങൾ ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിലാണ് ഏറ്റവും കൂടുതൽ ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നത്. 5241 ച.കി.മീ. ചന്ദനമരങ്ങൾ ഉള്ള കർണ്ണാടക സംസ്ഥാനത്ത് മൂന്നു ചന്ദന ഫാക്ടറികളാണുള്ളത്. 64 ച.കി.മീ. ഉള്ള കേരളത്തിൽ 24 ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നു എന്നാണ് റിപ്പോർട്ട്. ഇങ്ങനെ നമ്മുടെ ചന്ദന സമ്പത്ത് കൊള്ളയടിക്കുന്നു എന്നത് വളരെ ഗൗരവമായ കാര്യമാണ്. വളരെ കർക്കശമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തിര ശ്രദ്ധ ഇതിലുണ്ടാവണം.

LIBRARY ARCHIVES Kerala Legislative Assembly